(സി) വളരെക്കാലങ്ങളായി വടയംപാടിയിൽ വീടുവച്ച് സ്ഥിരതാമസമാക്കിയ പാവപ്പെട്ട ഇവർക്ക് സംവരണാനുകൂല്യം അടിയന്തിരമായും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പൂത്തൃക്ക പഞ്ചായത്തിൽ വടയംപാടി പ്രദേശങ്ങളിൽ താമസിക്കുന്ന 'കാക്കാലൻമാർ' എന്ന് അവകാശപ്പെടുന്ന വിഭാഗങ്ങളെക്കുറിച്ച് കിർത്താഡ്സ് പഠനം നടത്തിവരുകയാണ്. ഇതുവരെ നടത്തിയ പഠനത്തിൽ നിന്നും ഇവർ പട്ടികജാതിക്കാരാണെന്ന് തെളിഞ്ഞിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിന് നടപടി

12 (1677) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എത്ര പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി വീടില്ല എന്നത് സംബന്ധിച്ച കണക്ക് സർക്കാർ ശേഖരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ഭവനരഹിതരുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) എത്രകാലംകൊണ്ട് സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടു വച്ചുകൊടുക്കുവാൻ കഴിയും എന്നാണ് സർക്കാർ കണക്കാക്കുന്നത് ;

(ഡി) മലമ്പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികളുടെ വീട് ചിതലരിച്ച് നശിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത് പരിഹരിക്കുന്നതിന് എന്തു പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശേഖരിച്ചിട്ടുണ്ട്.

(ബി) 1990-ൽ ശേഖരിച്ച വിവരം അനുസരിച്ച് സംസ്ഥാനത്ത് 34,622 ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(സി) 9-ാം പദ്ധതിയുടെ അവസാനത്തോടുകൂടി ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും വീടുവച്ച് നൽകുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കാലപ്പഴക്കം കൊണ്ട് റിപ്പയർ ആവശ്യമായി വന്നിട്ടുള്ള വീടുകൾ റിപ്പയർ ചെയ്തു നൽകാൻ പദ്ധതി നിലവിലുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ ആവശ്യത്തിന് ധനസഹായം നൽകുന്നുണ്ട്.

പട്ടികജാതി - പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്കെതിരെ വിവേചനപൂർണ്ണമായ നടപടികൾ

13 (1678) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അവരുടെ ഹോസ്റ്റലുകളിലും പട്ടികജാതി -പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്കെതിരെ വിവേചനപൂർണ്ണമായ നടപടികൾ കൈക്കൊണ്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(ബി) വിവേചനം സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) പ്രശ്നപരിഹാരത്തിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്നും അറിയിക്കാമോ ;

(ഡി) സംസ്ഥാനത്തെ അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനത്തിന് സംവരണ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്നതു പരിശോധിക്കുന്നതിനും നടപടി കൈക്കൊള്ളുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. എറണാകുളം സെന്റ് തെരേസാസ് കോളേജ് ഹോസ്റ്റലിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്കെതിരെ, വിവേചനാപൂർവ്വം പെരുമാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എറണാകുളം സെന്റ് തെരേസാസ് കോളേജ് ഹോസ്റ്റലിൽ പട്ടിക വിഭാഗം വിദ്യാർത്ഥിനികൾക്ക് കോളേജ് അധികൃതരിൽ നിന്നും വിവേചന പരമായ പെരുമാറ്റം ഉണ്ടാകുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ ഈ വിഭാഗം വിദ്യാർത്ഥിനികൾ പൊതുവെ സൗകര്യം കുറഞ്ഞ ഡോർമിറ്ററികളിൽ കൂട്ടത്തോടെ താമസിക്കാൻ നിർബന്ധിതരായിരുന്നുവെന്നും വാർഡനും ഓഫീസ് സ്റ്റാഫുകളും ഈ കുട്ടികളോട് മോശമായി പെരുമാറിയിരുന്നുവെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും വ്യത്യസ്തമായി ഒരേയൊരു കുട്ടിക്കു മാത്രമാണ് ഡോർമിറ്ററിക്കു പകരം മുറി അലോട്ട് ചെയ്തിരുന്നത്.

(സി) ഇക്കാര്യം ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് പട്ടികവർഗ്ഗ വികസന ഡയറക്ടറും കോളേജ് വിദ്യാഭ്യാസ ഡയറക്ടറും അന്വേഷണം നടത്തുകയും അവർ നൽകിയ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ചുവരികയുമാണ്. അന്വേഷണത്തെ തുടർന്ന് ഈ കോളേജ് ഹോസ്റ്റലിലെ 41 പട്ടികവിഭാഗം വിദ്യാർത്ഥികളിൽ 22 പേർക്ക് മുറി അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly